<u>പതിമൂന്നാം കേരള നിയമസഭ</u>
<u>അഞ്ചാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 4404

28.06.2012- ലെ മറുപടിക്ക്

## ചേർത്തല കയർ സംഘങ്ങൾക്ക് നൽകുന്ന സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി. തിലോത്തമൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ)കയർ വികസന ഡയറക്ടറേറ്റിന്റെ കീഴിൽ സംസ്ഥാനത്തെ കയർ സംഘങ്ങൾക്ക് നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; കയർ സംഘങ്ങളുടെ ഏതെല്ലാം വികസന പ്രവർത്തനങ്ങൾക്കാണ് ഇപ്രകാരം ഗ്രാന്റുകളും സാമ്പത്തിക സഹായങ്ങളും അനുവദിക്കുന്നത് എന്ന് അറിയിക്കാമോ ; | (എ) സംസ്ഥാനത്തെ കയർ സംഘങ്ങൾക്ക് നൽകി വരുന്ന പ്രധാന സാമ്പത്തിക സഹായങ്ങളും വികസന പ്രവർത്തനങ്ങൾക്കായി നല്കുന്ന ഗ്രാന്റുകളും ചുവടെ ചേർക്കുന്നു<br>• കയർപിരി മേഖലയിലെ തൊഴിലാളികളുടെ മിനിമം കൂലി 210 രൂപയായി വർദ്ധിപ്പിക്കുകയും, കൂലിയുടെ നിശ്ചിത ഭാഗം [illegible] ഇൻകം സപ്പോർട്ട് പദ്ധതിയിലൂടെ സംഘം തൊഴിലാളികൾക്ക് ലഭ്യമാക്കുകയും ചെയ്യുന്നു.<br>• കയറിന്റെയും കയറുല്പന്നങ്ങളുടെയും വാർഷിക വില്പനയുടെ 10% (ഉല്പാദനവും, വിപണന പ്രചോദനവും) പദ്ധതി പ്രകാരം അനുവദിച്ചു വരുന്നു.<br>• കയർ മേഖലയിലെ സഹകരണ സംഘങ്ങളുടെ ഓഹരി മൂലധനം ശക്തിപ്പെടുത്തുന്നതിനായി കയർ സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി പങ്കാളിത്തം നൽകുന്നു.<br>• പരമ്പരാഗത വ്യവസായങ്ങളുടെ പുനരുജ്ജീവന ഫണ്ട് പ്രകാരം കയർ ബോർഡും ആലപ്പുഴ കയർ |

| | |
|---|---|
| | ക്ലസ്റ്റർ വികസന സംഘവും കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കി വരുന്നു.<br>• സഹകരണ സംഘങ്ങളിലെ സെക്രട്ടറി/ തൊഴിലാളികൾക്ക് അവരുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.<br>• അടിസ്ഥാന സൗകര്യ വികസനം ശക്തിപ്പെടുത്തുന്നതിന് പ്രോജക്ട് അധിഷ്ഠിത ധനസഹായം നൽകുന്നു. |
| (ബി) ഈ സർക്കാർ അധികാരമേറ്റശേഷം ചേർത്തല മണ്ഡലത്തിൽപ്പെട്ട ഏതെല്ലാം കയർ സഹകരണ സംഘങ്ങൾക്കാണ് കയർ വികസന ഡയറക്ടറേറ്റിന്റെ വികസന പ്രവർത്തനങ്ങൾക്ക് സഹായം അനുവദിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ ; ഓരോ സംഘത്തിനും നൽകിയ തുക എത്ര വീതമെന്ന് വ്യക്തമാക്കുമോ ; | (ബി) ചേർത്തല മണ്ഡലത്തിൽപ്പെട്ട കയർ സഹകരണ സംഘങ്ങൾക്ക് അനുവദിച്ച സാമ്പത്തിക സഹായത്തിന്റെ വിശദീകരണം അടങ്ങിയ സ്റ്റേറ്റ്മെന്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (സി)ഈ സർക്കാർ അധികാരമേറ്റ ശേഷം കയർ സംഘങ്ങളുടെ ചുറ്റുമതിൽ നിർമ്മാണം, തൊഴിലാളികൾക്ക് വിശ്രമമുറി, ടോയ്‌ലറ്റ് ഉടങ്ങിയ അടിസ്ഥാനസൗകര്യ വികസന ത്തിന് എത്ര സംഘങ്ങൾക്ക് തുക അനുവദിച്ചു എന്നും എത്ര വീതം അനുവദിച്ചു എന്നും വിശദമാക്കാമോ ? | (സി) ഈ സർക്കാർ അധികാരമേറ്റ ശേഷം 54 കയർ സംഘങ്ങളുടെ വിവിധ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി നാളിതുവരെ 1,27,50,175/- രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ ചുറ്റുമതിൽ നിർമ്മാണത്തിനായി ഒരു സംഘത്തിന് 1,50,000/- രൂപയും ടോയ്‌ലറ്റ് നിർമ്മാണത്തിനായി 8 സംഘങ്ങൾക്ക് 5,69,530/- രൂപയും അനുവദിച്ചിട്ടുണ്ട്. വിശ്രമമുറിക്കായി തുകകളൊന്നും അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**